# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6117 02.04.2018-ൽ മറുപടിക്ക്

### കൈത്തറി വ്യവസായത്തിന് ബജറ്റ് വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) 2016-17 സാമ്പത്തിക വർഷം കൈത്തറി വ്യവസായത്തിന്റെ ബജറ്റ് വിഹിതം എത്രയാണ്; ബജറ്റ് വിഹിതം മുഴവൻ ചെലവഴിച്ചോ; ഇല്ലെങ്കിൽ എത്ര രൂപ തിരികെ അടച്ചു; തിരിച്ചടവിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ; | (എ) 2016-17 സാമ്പത്തിക വർഷം കൈത്തറി വ്യവസായത്തിന്റെ ബഡ്ജറ്റ് വിഹിതം 4019.77 ലക്ഷം രൂപയാണ്. ഇതിൽ 1898.13 ലക്ഷം രൂപ ചെലവഴിച്ചു. 2121.64 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. സംഘം/നെയ്ത്തുകാർ എന്നിവരിൽ നിന്നും ആവശ്യത്തിനുള്ള അപേക്ഷ ലഭിക്കാതിരുന്നതിനാലാണ് പദ്ധതി വിഹിതം ചെലവഴിക്കുവാൻ സാധിക്കാതെ പോയത്. |
| (ബി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ എത്രയാണെന്ന് അറിയിക്കാമോ; | (ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് 4008 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും 5200 ലക്ഷം രൂപ എസ്.ഡി.ജി ആയും ആകെ 9208 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ നാളിതു വരെ 6124.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) 2017-18 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക ടെക്സ്റ്റയിൽ മില്ലുകൾക്ക് വക മാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) 2017-18 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക ടെക്സ്റ്റൈൽ മില്ലുകൾക്ക് വകമാറ്റി ചെലവഴിച്ചിട്ടില്ല. |
| (ഡി) ബജറ്റിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക യഥാസമയം പദ്ധതിയ്ക്ക് വിനിയോഗിയ്ക്കാതെ വക മാറ്റി ചെലവഴിയ്ക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സ്ഥിരമായി വീഴ്ച വരുത്തുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഡി) വകമാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ